➪ ജാതീയമായ അധിക്ഷേപം കൂടിയായി വിലയിരുത്തപ്പെടേണ്ടതാണ് ഈ പോലീസ് ഹിംസ ➪

# കേസ് അന്വേഷണം പോലീസ് അട്ടിമറിക്കാൻ ശ്രമിക്കുന്നു

നിരപരാധികൾ കാക്കിയുടെ ക്രൂരതയ്ക്ക് പലവിധത്തിൽ ഇരകളാകേണ്ടി വരുന്ന കേരളത്തിൽ വിനായകന്റെ കുടുംബം നടത്തുന്ന നിയമപോരാട്ടം ഏറെ പ്രാധാന്യമർഹിക്കുന്നു. ഒരുവർഷമായി തുടരുന്ന കോടതി വ്യവഹാരങ്ങളെക്കുറിച്ചും അന്വേഷണം അട്ടിമറിക്കാൻ പോലീസ് നടത്തുന്ന ശ്രമങ്ങളെക്കുറിച്ചും പാവറട്ടി സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരുടെ മാനസികവും ശാരീരികവുമായ പീഡനത്തെ തുടർന്ന് ആത്മഹത്യ ചെയ്ത വിനായകന്റെ അച്ഛൻ കൃഷ്ണൻ സംസാരിക്കുന്നു.

**കൃഷ്ണൻ / അശോകൻ നമ്പഴിക്കാട്**

**പോലീസ് കസ്റ്റഡി കൊലപാതകങ്ങളുടെയും അതിക്രമങ്ങളുടെയും നാടായി മാറുകയാണ് കേരളം. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്ന ശേഷം 16 പേരാണ് പോലീസ് കസ്റ്റഡിയിൽ മരിച്ചത്. മൂന്നാംമുറ അടക്കമുള്ള മർദ്ദനരീതികൾ ശക്തിപ്പെട്ടുവരുന്നു. പോലീസിനെ നിയന്ത്രിക്കേണ്ട അധികൃതർ ഇക്കാര്യത്തിൽ നിസ്സംഗത തുടരുന്ന പശ്ചാത്തലത്തിൽ കേരളീയം നടത്തുന്ന അന്വേഷണ പരമ്പര**



നാടെങ്ങും കാൽപ്പന്തുകളിയുടെ ആരവങ്ങളിൽ ആർത്തലയ്ക്കുന്ന ലോകകപ്പ് ഫുട്ബോൾ നാളുകൾ. വീറും വാശിയും നിറയുന്ന മത്സരങ്ങൾ ആരാധക ഹൃദയങ്ങളിൽ ആഹ്ലാദത്തിന്റെ തിരയിളക്കം സൃഷ്ടിക്കുമ്പോഴും കളിപ്രേമിയായ ഏങ്ങണ്ടിയൂർ കൃഷ്ണന് ആവേശം ഒട്ടുമുണ്ടായിരുന്നില്ല. കഴിഞ്ഞ ലോകകപ്പ് കാലത്ത് ഉറക്കമൊഴിച്ച് കൂടെ കളികണ്ടിരുന്ന മകന്റെ വിയോഗത്തെക്കുറിച്ചുള്ള നീറുന്ന ഓർമ്മകളാണ് പന്തുകളിയുടെ ഈ ഉത്സവനാളുകളിൽ അയാളിൽ നിറയുന്നത്. വ്യത്യസ്ത ടീമുകളുടെ ആരാധകരായിരുന്ന അച്ഛനും മകനും പന്തുകളിയിൽ മുഴുകി പരസ്പരം സ്നേഹത്തോടെ പോരടിച്ചിരുന്ന കാലം അയാൾക്ക് മുന്നിൽ നൊമ്പരമായി തെളിഞ്ഞുനിന്നു. അതെ, പോലീസിന്റെ മാനസികവും ശാരീരികവുമായ പീഡനത്തെ തുടർന്ന് മനംനൊന്ത് ആത്മഹത്യ ചെയ്ത ദലിത് യുവാവ് തൃശൂർ ഏങ്ങണ്ടിയൂർ സ്വദേശി വിനായകന്റെ അച്ഛൻ കൃഷ്ണൻ മകന്റെ മരണം സൃഷ്ടിച്ച ആഘാതത്തിൽ നിന്നും ഇനിയും മുക്തനായിട്ടില്ല. ആ വേർപാട് മാനസികമായി ഏറെ തളർത്തിയിട്ടും വിനായകന്റെ മരണത്തിന് കാരണക്കാരായ പോലീസ് ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെടുന്നതിനുള്ള നിയമപോരാട്ടം തുടരുകയാണ് കഴിഞ്ഞ ഒരു വർഷമായി കൃഷ്ണനും കുടുംബവും. ജൂലായ് 18ന് വിനായകൻ മരണപ്പെട്ടിട്ട് ഒരുവർഷം പിന്നിടാൻ പോകുമ്പോഴും അന്വേഷണം പൂർത്തിയാവുകയോ ആരും ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടില്ല എന്നത് ആ കുടുംബത്തെ നിരന്തരം അസ്വസ്ഥമാക്കുന്നുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി സസ്പെൻഡ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ ജോലിയിൽ തിരികെയെത്തുകയും ചെയ്തു. പ്രതീക്ഷയുടെ വാതിലുകൾ പലതും അടയുമ്പോഴും മകന്റെ മരണത്തിലേക്ക് നയിച്ച കാക്കിപ്പടയുടെ നിർദ്ദയത്വത്തിന് മാപ്പ് നൽകില്ലെന്ന ഉറച്ച നിലപാടിലാണ് കൃഷ്ണനും കുടുംബവും. മുടിനീട്ടി വളർത്തുന്നത് കൊള്ളരുതായ്മയുടെ ലക്ഷണമായി കരുതുന്ന പോലീസിന്റെ മനോവൈകൃതമാണ് ഹെയർ സ്റ്റൈലിസ്റ്റ് കൂടിയായ വിനായകനെ മരണത്തിലേക്ക് തള്ളിവിട്ടത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ദലിത് കുടുംബത്തിൽ നിന്നും പലമേഖലകളിലേക്ക് വളരാൻ ശ്രമിച്ച ഒരു യുവാവിന്റെ സ്വപ്നങ്ങളോടുള്ള ജാതീയമായ അധിക്ഷേപം കൂടിയായി വിലയിരുത്തപ്പെടേണ്ടതാണ് ഈ പോലീസ് ഹിംസ. തുടർന്നും എത്രയോ നിരപരാധികൾ കാക്കിയുടെ ക്രൂരതയ്ക്ക് പലവിധ

*⇨ പോലീസ് സ്റ്റേഷനിലുണ്ടായ സംഭവങ്ങൾ അവനെ മാനസികമായി വളരെയേറെ ബാധിച്ചിരുന്നു ⇨*

ത്തിൽ ഇരകളാകേണ്ടി വരുന്ന കേരളത്തിൽ വിനായകന്റെ കുടുംബം നടത്തുന്ന നിയമ പോരാട്ടം ഏറെ പ്രാധാന്യമർഹിക്കുന്നു. ഒരുവർഷമായി തുടരുന്ന കോടതി വ്യവഹാരങ്ങളെക്കുറിച്ചും അന്വേഷണം അട്ടിമറിക്കാൻ പോലീസ് നടത്തുന്ന ശ്രമങ്ങളെക്കുറിച്ചും സംസാരിക്കുന്നു വിനായകന്റെ അച്ഛൻ കൃഷ്ണൻ.

**വിനായകന്റെ മരണത്തെ സംബന്ധിച്ച് പല തരത്തിലുള്ള പ്രചരണങ്ങളുണ്ടായിരുന്നല്ലോ. എന്താണ് അന്ന് ശരിക്കും സംഭവിച്ചത്?**

ഏറെ കഴിവുകളുള്ള ഒരാളായിരുന്നു അവൻ. പല മേഖലകളിലായിരുന്നു അവന്റെ ഇഷ്ടങ്ങൾ. ബ്യൂട്ടീഷൻ കോഴ്സ് പഠിക്കാൻ പോകുന്നത് അവന്റെ തന്നെ താത്പര്യമായിരുന്നു. തൃശൂർ മണ്ണൂത്തിക്ക് അടുത്തുള്ള ഒരു സ്ഥാപനത്തിലാണ് പഠിച്ചിരുന്നത്. പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പലതരത്തിലുള്ള പുതിയ ഹെയർ സ്റ്റൈലുകൾക്കനുസരിച്ച് മുടിവെട്ടുന്നത് അവൻ പരീക്ഷിക്കുമായിരുന്നു. വീടിനടുത്തുള്ള പല ചെറുപ്പക്കാരുടെയും ഹെയർ സ്റ്റൈൽ അവൻ ഇവിടെ വച്ചു തന്നെ ഡിസൈൻ ചെയ്ത് കൊടുക്കും. അതിന് ആവശ്യമായ ട്രിമ്മറുകളെല്ലാം അവന്റെ കൈവശമുണ്ടായിരുന്നു. അങ്ങനത്തെ ഒരു സ്റ്റൈലിന്റെ ഭാഗമായാണ് അവനും മുടി വളർത്തിയിരുന്നത്. പതിവുപോലെ അന്നും മണ്ണൂത്തിയിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസിന് പോകുന്നതിനാണ് അവൻ വീട്ടിൽ നിന്നും ഇറങ്ങിയത്. ഉച്ചതിരിഞ്ഞ് പാവറട്ടി പോലീസ് സ്റ്റേഷനിൽ നിന്നും എന്റെ ഫോണിലേക്ക് ഒരു കോൾ വന്നു. വിനായകനെയും സുഹൃത്ത് ശരത്തിനെയും ഒരു പെൺകുട്ടിയേയും അവന്റെ വണ്ടിയടക്കം പിടിച്ചിട്ടുണ്ടെന്നും വണ്ടിയും മകനെയും വിട്ടു കിട്ടണമെങ്കിൽ 2500 രൂപയുമായി സ്റ്റേഷനിലേക്ക് വരണമെന്നുമായിരുന്നു പോലീസ് പറഞ്ഞത്. ഞാൻ സ്റ്റേഷനിൽ ചെല്ലുമ്പോൾ അവിടെ വിനായകനും ശരത്തും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പെൺകുട്ടിയെ ഒന്നും കാണാനുണ്ടായിരുന്നില്ല. വിനായകനും ശരത്തും കുറ്റവാളികളെപ്പോലെ അഴികളിൽ പിടിച്ച് നിൽക്കുകയായിരുന്നു. ഞാൻ എത്തും മുമ്പ് തന്നെ ശാരീരികവും മാനസികവുമായ പീഡനങ്ങളെല്ലാം പോലീസുകാർ ചെയ്തു കഴിഞ്ഞിരുന്നു. മകനെ മര്യാദയ്ക്ക് വളർത്താത്തതുകൊണ്ടാണ് ഇങ്ങനെ മുടിയൊക്കെ നീട്ടി കടുക്കനൊക്കെ ഇട്ട് നടക്കുന്നതെന്നും അവന്റെ ചെകിട്ടത്ത് അടിക്കാനും പോലീസുകാർ എന്നോട് ആവശ്യപ്പെട്ടു. ഞാൻ അതിന് തയ്യാറായില്ല. അവനെ അടിക്കേണ്ട ഒരു കാര്യവുമില്ലെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. അവൻ മുടിനീട്ടി വളർത്തി എന്നത് ഒരു മര്യാദകേടായി എനിക്ക് തോന്നിയിട്ടില്ല. ബ്യൂട്ടീഷൻ കോഴ്സ് പഠിക്കുന്നതുകൊണ്ടുതന്നെ അവൻ അതെല്ലാം ഇഷ്ടപ്പെട്ടിരുന്നു. പോലീസുകാർ പറയുന്നതുപോലെ ഒരു വൃത്തികേടും അവൻ കാണിക്കില്ല എന്നറിയാവുന്നതുകൊണ്ട് ഞാൻ അടിച്ചില്ല. എസ്.ഐ ആ സമയത്ത് സ്റ്റേഷനിൽ ഉണ്ടായിരുന്നില്ല. പിന്നീട് എസ്.ഐ വന്നപ്പോഴും “മോനെ ഇങ്ങനെയാണോ വളർത്തുന്നതെന്നും മര്യാദയ്ക്ക് അവന്റെ മുടിയെല്ലാം ഉടൻ വെട്ടിക്കണം” എന്നും പറഞ്ഞു. എന്നിട്ടാണ് സ്റ്റേഷനിൽ നിന്നും ഞങ്ങളെ വിടുന്നത്. തിരിച്ച് നാട്ടിലെത്തിയ ഉടൻ അവൻ മുടിമുറിച്ചു. പോലീസ് സ്റ്റേഷനിലുണ്ടായ സംഭവങ്ങൾ അവനെ മാനസികായി വളരെയേറെ ബാധിച്ചിരുന്നു. പോലീസുകാർ തല്ലി എന്നുമാത്രമാണ് എന്നോട് പറഞ്ഞത്. മറ്റ് വിശദാംശങ്ങളൊന്നും പറഞ്ഞില്ല. പേടിച്ചിട്ട് പറയാതിരുന്നതാകാം. പിറ്റേന്ന് രാവിലെ കടയിൽ പോയി തിരികെ വന്ന് കുറേനേരം അവൻ കതകടച്ചിരുന്നു. വിളിച്ചിട്ട് തുറക്കുന്നുണ്ടായിരുന്നില്ല. സംശയം നോക്കിയിട്ടാണ് ഞാൻ ജനാലയുടെ ഷീറ്റ് പൊക്കി നോക്കുന്നത്. ശരിക്കും തകർന്നുപോയി. ഒരുപാട് കഴിവുകളുള്ള, നല്ല ധൈര്യമുള്ള ആളായിരുന്നു എന്റെ മകൻ. ആത്മഹത്യ ചെയ്യുന്ന തരത്തിൽ ഒരു മനോവിഷമം അവനുണ്ടാകണമെങ്കിൽ അതിന് തക്കതായ കാരണമുണ്ടാകും. പോലീസ് അത്രയ്ക്ക് ഉപദ്രവിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്. ശാരീരികവും മാനസികവുമായി അവർ പീഡിപ്പിച്ചു. പോലീസിന്റെ ശാരീരിക ഉപദ്രവങ്ങൾ ശരിവയ്ക്കുന്ന തരത്തിലായിരുന്നല്ലോ പോസ്റ്റ്മോർട്ടം വിവരങ്ങൾ. വിനായകന്റെ കൂടെ അന്ന് പിടിച്ച അവന്റെ സുഹൃത്ത് ശരത് അന്ന് നടന്ന കാര്യങ്ങളെല്ലാം പിന്നീട് ഞങ്ങളോട് പറയുകയുണ്ടായി. മാല മോഷണക്കേസ് അവരുടെ പേരിൽ അടിച്ചേൽപ്പിക്കാനാണ് പോലീസ് ശ്രമിച്ചതെന്നും വഴങ്ങാതെ വന്നപ്പോൾ അതിക്രൂരമായി മർദ്ദിച്ചെന്നും ശരത് പറഞ്ഞു. ജനനേന്ദ്രിയത്തിൽ വരെ ഇടിച്ചു. മുലക്കണ്ണിന് പോലും പരിക്ക് പറ്റിയതായി പോസ്റ്റ്മോർട്ടം റിപ്പോർട്ട് പറയുന്നുണ്ട്. ശരത് ഇക്കാര്യങ്ങളെല്ലാം കോടതിയെ ബോധിപ്പിച്ചിട്ടുണ്ട്. ഒരുപാട് മേഖലകളിലേക്ക് പോകാനുള്ള സാ



വിനായകൻ

ധ്യതയുള്ള ആളായിരുന്നു അവൻ. ശിങ്കാരി മേളത്തിന്റെയും നാസിക് ഡോളിന്റെയുമെല്ലാം ടീമിൽ അവനുണ്ടായിരുന്നു. ബ്യൂട്ടീഷൻ മേഖലയോടുള്ള താത്പര്യത്തിനൊപ്പം ഇതെല്ലാം കൂടെ കൊണ്ടുനടന്നിരുന്നു. അങ്ങനെ ജീവിച്ചിരുന്ന ഒരു ചെറുപ്പക്കാരനെയാണ് മുടിവളർത്തിയതിന്റെ പേരിൽ ദുർനടപ്പ് ആരോപിച്ച് പിടിച്ച് പോലീസുകാർ തകർത്തുകളഞ്ഞത്. സാധുക്കളോട് എന്തിനാണ് പോലീസ് ഇങ്ങനെ ക്രൂരമായി പെരുമാറുന്നതെന്ന് എനിക്ക് എത്രയാലോചിച്ചിട്ടും മനസ്സിലാകുന്നില്ല. സാമ്പത്തിക സ്ഥിതി മോശമായവരോടും താഴ്ന്ന ജാതിക്കാരോടുമുള്ള പോലീസിന്റെ സ്ഥിരം സമീപനമാണിത്.

**വിനായകന്റെ മരണത്തെ തുടർന്ന് അന്ന് വലിയ പ്രതിഷേധങ്ങളും സംവാദങ്ങളുമെല്ലാം നടക്കുകയുണ്ടായല്ലോ. പോലീസിന്റെ ചെയ്തികൾക്കെതിരെ വലിയ വിമർശനം സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്നും ഉയർന്നുവന്നു. പക്ഷെ ഇതിന് കാരണക്കാരായവർ ശിക്ഷിക്കപ്പെട്ടില്ല എന്നുമാത്രമല്ല, സസ്പെൻഷൻ കഴിഞ്ഞ് അവർ സർവീസിൽ തിരിച്ചുകയറുകയും ചെയ്തു. ഈ സാഹര്യത്തെ നിങ്ങൾ എങ്ങനെയാണ് നോക്കിക്കാണുന്നത്?**

ശരിയാണ്. അന്ന് എന്റെ മോനെ തല്ലുകയും അപമാനിക്കുകയും ചെയ്ത ശ്രീജിത്ത്, സാജൻ എന്നീ രണ്ട് പോലീസുകാരും സസ്പെൻഷൻ കാലാവധി കഴിയുന്നതിന് മുമ്പുതന്നെ സർവ്വീസിൽ തിരിച്ചുകയറി. പ്രതിഷേധ പരിപാടികളെല്ലാം അന്ന് ധാരാളമായി നടന്നിരുന്നെങ്കിലും അതെല്ലാം പെട്ടെന്ന് കെട്ടടങ്ങി. ആക്ഷൻ കൗൺസിലെല്ലാം രൂപീകരിച്ചിരുന്നു. ആ നാളുകളിലെല്ലാം ആക്ഷൻ കൗൺസിൽ കുറേ സഹായിച്ചു. പിന്നീട് അത് നിർജ്ജീവമായി. വേട്ടുവ സർവ്വീസ് സൊസൈറ്റി എന്ന ഞങ്ങളുടെ സമുദായ സംഘടനയും കുറേ ഇടപെടലുകൾ നടത്തിയിരുന്നു. ഇപ്പോൾ അവരും പിന്മാറി. ചില വ്യക്തികളുടെ സഹായം മാത്രമാണ് ഇന്നുള്ളത്. ലോകായുക്തയിൽ കൊടുത്ത കേസുമായി ഞങ്ങൾ മുന്നോട്ടുപോവുകയാണ്. കോടതിയിൽ മാത്രമാണ് പ്രതീക്ഷയുള്ളത്. കേസിന്റെ അന്വേഷണം ഏതുവിധത്തിലും അട്ടിമറിക്കുന്നതിനുള്ള ശ്രമമാണ് പോലീസ് ഇപ്പോൾ നടത്തുന്നത്. അവർക്ക് അതിനുള്ള എല്ലാ സംവിധാനങ്ങളും ഉണ്ടല്ലോ. പോലീസുകാർക്കെതിരെ ആത്മഹത്യാ പ്രേരണകുറ്റം ചുമത്താതെയും ഭീഷണിപ്പെടുത്തിയെന്നും അപകീർത്തിപ്പെടുത്തിയെന്നുമുള്ള പരാതികൾ പരിഗണിക്കാതെയുമാണ് ആദ്യം എഫ്.ഐ.ആർ ഇട്ടത്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നശേഷം ജില്ലാ പോലീസ് മേധാവിക്ക് ഞാൻ പരാതി നൽകിയിരുന്നു. ആ പരാതിയിന്മേൽ വാടാനപ്പിള്ളി എ.എസ്.ഐ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. അതിലാണ് പ്രധാനപ്പെട്ട വകുപ്പുകൾ പലതും ഒഴിവാക്കി പോലീസിനെ രക്ഷപ്പെടുത്താനുള്ള ശ്രമമുണ്ടായത്. തെളിവുകളും സാക്ഷിമൊഴിയും അവർക്ക് എതിരാണെന്ന് അറിയാവുന്നതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. പിന്നീടാണ് അന്വേഷണം ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി ഫിറോസ് എം. ഷഫീഖിന്റെ നേതൃത്വത്തിലുള്ള പ്രത്യേകസംഘത്തെ ഏൽപ്പിക്കുന്നത്. ഫിറോസ് സാറും അന്വേഷണം അട്ടിമറിക്കുന്നതിനാണ് ശ്രമിച്ചത്. ലോകായുക്തയ്ക്ക് തന്നെ ഇക്കാര്യം ബോധ്യപ്പെടുകയുണ്ടായി. ഫിറോസ് സാറിനെ ജഡ്ജി അന്വേഷണത്തിൽ നിന്നും മാറ്റി. സഹപ്രവർത്തകരെ സംരക്ഷിക്കുന്നതിനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയതെന്നും കോടതി പറഞ്ഞു. മേലുദ്യോഗസ്ഥരുടെ സമ്മർദ്ദമുണ്ടോ ഇതിന് പിന്നിലെന്ന് വ്യക്തമാക്കണമെന്നും ലോകായുക്ത പറയുകയുണ്ടായി. അങ്ങനെയാണ് ക്രൈംബ്രാഞ്ച് എസ്.പി. ഉണ്ണിരാജയ്ക്ക് അന്വേഷണ ചുമതല കൈമാറുന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. അന്വേഷണം ശരിയായ ദിശയിൽ പോകും എന്നാണ് പ്രതീക്ഷിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമ നിയമപ്രകാരവും ആദ്യം കേസ് എടുത്തിട്ടുണ്ടായിരുന്നില്ല. ആ വകുപ്പ് ചേർക്കണമെന്ന് ലോകായുക്ത പറഞ്ഞിട്ടുണ്ട്. ലോകായുക്ത അക്കാര്യങ്ങളെല്ലാം കാര്യമായി ശ്രദ്ധിക്കുന്നുണ്ട്. എന്നാലും അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ എന്താണ് കണ്ടെത്തിയതെന്ന് നമുക്ക് അറിയാൻ കഴിയൂ. വാടാനപ്പിള്ളി പോലീസും ഡി.വൈ.എസ്.പി ഫിറോസ് സാറും നടത്തിയ അന്വേഷണത്തിന്റെ രീതിവച്ചുനോക്കിയാൽ ഒരു പ്രതീക്ഷയുമില്ല. അന്വേഷണം നടക്കുന്ന സമയമായിട്ടും ആ പോലീസുകാർ തിരിച്ച് ജോലിയിൽ കയറുകയും ചെയ്തല്ലോ. വിനായകന്റെ മരണം നടന്ന സമയത്ത് ഞങ്ങളെ സഹായിച്ചവർക്കും കേസിന്റെ ഇപ്പോഴത്തെ അവസ്ഥകൾ അറിയില്ല. പലരും അതെല്ലാം മറന്നുതുടങ്ങിയിരിക്കുന്നു. പക്ഷെ, ആരൊക്കെ പിൻവാങ്ങിയാലും ഞങ്ങൾക്ക് കേസ് നടത്തിയല്ലേ പറ്റൂ. എന്റെ മകനെ ഒരു കുറ്റവാളിയായി ചിത്രീകരിച്ച് കേസിൽ നിന്ന് രക്ഷപ്പെടാനാണ്

പോലീസ് ശ്രമിക്കുന്നത്. മരിച്ചുപോയെങ്കിലും അവന്റെ നിരപരാധിത്വം ഞങ്ങൾക്ക് തെളിയിക്കണം. ഞങ്ങളുടെ മകനെ മറ്റാരേക്കാളും ഞങ്ങൾക്കറിയാമല്ലോ.

**ഇതിനിടയിൽ പലതവണ മുഖ്യമന്ത്രിയെ നേരിൽ കാണാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ടുണ്ടായ ദുരനുഭവങ്ങൾ താങ്കൾ തുറന്നുപറയുകയുണ്ടായല്ലോ. എന്താണ് സംഭവിച്ചത്?**

അന്വേഷണം അട്ടിമറിക്കപ്പെടുന്നു എന്ന തോന്നലുണ്ടായപ്പോഴാണ് മൂന്ന് തവണ മുഖ്യമന്ത്രിയെ കണ്ട് പരാതി നൽകിയത്. പോലീസ് ആദ്യം നടത്തിയ രണ്ട് അന്വേഷണങ്ങളിലും അവരുടെ മുഖം രക്ഷിക്കാൻ നടത്തിയ ശ്രമം വ്യക്തമായിരുന്നല്ലോ. സസ്പെന്റ് ചെയ്യപ്പെട്ട പോലീസുകാർ സർവ്വീസിൽ തിരിച്ചുകയറി യൂണിഫോമും ഇട്ട് നിൽക്കുകയാണ്. എന്ത് കുറ്റംചെയ്താലും സംരക്ഷിക്കാൻ ആളുണ്ടെന്ന തോന്നൽ പോലീസിലുള്ളവർക്ക് കിട്ടുന്ന രീതിയിലാണ് ഈ കേസിന്റെ നടപടികൾ മുന്നോട്ടുപോകുന്നത്. അത് ഒരിക്കലും അനുവദിക്കാൻ പാടില്ല എന്നതിനാലാണ് മുഖ്യമന്ത്രിയെ നേരിൽക്കണ്ട് പരാതി നൽകാൻ തീരുമാനിച്ചത്. മാത്രമല്ല, ഒരു വർഷത്തിനുള്ളിൽ എല്ലാ അന്വേഷണവും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിച്ചത്. ജൂലായ് 18 ആകുമ്പോൾ മകൻ മരിച്ചിട്ട് ഒരു വർഷം പൂർത്തിയാവുകയാണ്. ഇപ്പോഴും അന്വേഷണം പൂർത്തിയായിട്ടില്ല. ഇക്കാര്യങ്ങളെല്ലാം മുഖ്യമന്ത്രിയെ ബോധിപ്പിക്കണം എന്ന് കരുതി. മൂന്ന് തവണ അദ്ദേഹത്തെ കാണാൻ ശ്രമിച്ചു. വേട്ടുവ സർവ്വീസ് സൊസൈറ്റി വഴിയാണ് ആദ്യം പോയത്. മുൻ സ്പീക്കറും സി.പി.എമ്മിന്റെ നേതാവുമായ കെ. രാധാകൃഷ്ണന്റെ റെക്കമെന്റേഷനും ഉണ്ടായിരുന്നു. അന്ന് കുറേനേരം കാത്തിരുന്നിട്ടും മുഖ്യമന്ത്രിയെ കാണാൻ കഴിഞ്ഞില്ല. അതുകഴിഞ്ഞ് ഡി.എച്ച്.ആർ.എം എന്ന സംഘടനയുടെ പ്രതിനിധികൾക്കൊപ്പമാണ് പോയത്. അവരുടെ നേതാവ് സെലീന പ്രക്കാനവും കൂടെയുണ്ടായിരുന്നു. മുഖ്യമന്ത്രിയുടെ സെക്രട്ടറി എം.വി. ജയരാജനെ കാണുകയും  അദ്ദേഹം കാത്തിരിക്കാൻ ഞങ്ങളോട് പറയുകയും ചെയ്തു.  കുറേനേരം ഞങ്ങൾ കാത്തിരുന്നു. മുഖ്യമന്ത്രി ഞങ്ങൾക്ക് മുന്നിലൂടെ ഓഫീസിനുള്ളിലേക്ക് കയറിപ്പോയി. വിളിക്കുമെന്ന് പ്രതീക്ഷിച്ച് ഞങ്ങളിരുന്നു. കുറേക്കഴിഞ്ഞും വിളിക്കാതെ വന്നപ്പോൾ എം.വി. ജയരാജനോട് ഞങ്ങൾ ചോദിച്ചു. മുഖ്യമന്ത്രി പോയി എന്ന മറുപടിയാണ് അദ്ദേഹം പറഞ്ഞത്. അന്ന് എനിക്ക് വല്ലാത്ത നിരാശയുണ്ടായി. ഇനി അദ്ദേഹത്തെ കണ്ടിട്ട് കാര്യമില്ല എന്ന് തീരുമാനിച്ചിരിക്കുമ്പോഴാണ് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഒരിക്കൽക്കൂടി കാണാൻ തീരുമാനിക്കുന്നത്. അന്ന് മുഖ്യമന്ത്രിയെ കണാൻ കഴിഞ്ഞു. അമ്മ കരഞ്ഞുകൊണ്ട് പരാതി പറയാൻ തുടങ്ങിയപ്പോൾ 'കണ്ണീരും കരച്ചിലും ഒന്നും എനിക്ക് കാണേണ്ട' എന്ന് പരുക്കൻ ഭാഷയിൽ പറയുകയും, വേണ്ടത് ചെയ്യാം എന്നുപറഞ്ഞ് ഞങ്ങളെ ഒഴിവാക്കുകയുമാണ് അദ്ദേഹം ചെയ്തത്. പ്രതീക്ഷകളെല്ലാം നഷ്ടപ്പെട്ട ഒരു സന്ദർഭമായിരുന്നു അത്.

**അന്വേഷണം പൂർത്തിയാകാത്തതിനാൽ ഒന്നും പറയാൻ കഴിയാത്ത സ്ഥിതിയാണല്ലോ. പഴുതുകളുണ്ടാക്കാൻ പോലീസ് സംവിധാനത്തിന് വളരെ അനായാസം കഴിയും എന്ന അനുഭവങ്ങളും നമുക്ക് മുന്നിലുണ്ട്. എന്താണ് അവശേഷിക്കുന്ന പ്രതീക്ഷ?**

എനിക്ക് എല്ലാത്തിലും അവിശ്വാസം വന്നിരിക്കുന്നു. ലോകായുക്തയിലെ കേസിൽ പ്രതീക്ഷയർപ്പിച്ച് കഴിയുകയാണ്. ആറ് സിറ്റിംഗ് അവിടെ നടന്നു. പോലീസ് കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നകാര്യം കോടതിക്ക് ബോധ്യമായിട്ടുണ്ട്. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർ തന്നെ അവന് ക്രൂരമർദ്ദനം ഏൽക്കേണ്ടി വന്നതായി ലോകായുക്തയ്ക്ക് മുന്നിൽ മൊഴി നൽകിയിട്ടുണ്ട്. അവന്റെ കൂടെപ്പിടിച്ച ശരത്തിന്റെ മൊഴിയും വളരെ ശക്തമാണ്. അതുകൊണ്ട് മാത്രം ചിലപ്പോൾ ഞങ്ങൾക്ക് നീതി ലഭിക്കുമായിരിക്കും. മറ്റ് പ്രതിഷേധങ്ങളെല്ലാം അവസാനിച്ചുപോയല്ലോ. അന്വേഷണത്തിന്റെ ഭാഗമായി പലപ്പോഴും പല ഉന്നത ഉദ്യോഗസ്ഥരും എന്നെ വിളിച്ച് ചോദ്യം ചെയ്തിട്ടുണ്ട്. ഒരിക്കൽ തൃശൂരിൽ എസ്.പിയുടെ മുന്നിൽ വച്ച് കേസിലെ പ്രതിയായ സാജൻ എന്ന പോലീസുകാരനും എന്നെ ചോദ്യം ചെയ്തിരുന്നു. അയാൾക്ക് എങ്ങനെയാണ് അങ്ങനെയൊരു അവസരമുണ്ടായത് എന്നറിയില്ല. എന്തായാലും അയാളുടെ ചോദ്യം ചെയ്യൽ ശരിയായിരുന്നില്ല. പലവിധത്തിലുള്ള ചോദ്യങ്ങൾ തിരിച്ചും മറിച്ചും ചോദിച്ച് എന്നെ ആശയക്കുഴപ്പത്തിലാക്കാനാണ് പോലീസ് ശ്രമിക്കുന്നത്. അങ്ങനെയൊന്നും മാറുന്നതല്ല എന്റെ മൊഴി. എന്നെയും കുടുംബത്തെയും മാനസികമായി തളർത്താൻ അവർ പലതരത്തിലും ശ്രമിച്ചു. സത്യം തെളിയിക്കാൻ വേണ്ടി എന്തിനെയും നേരിടാൻ സന്നദ്ധമായി നിൽക്കുകയാണ് ഞങ്ങൾ. ■